നം.20/2017/SRG/CC/13

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.11.2017-ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു.മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം ഹാജർ രജിസ്റ്റർ പ്രകാരം

**1. പദ്ധതി പുരോഗതി അവലോകനം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 15.11.2017 വരെയുള്ള പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു. ആകെ ചെലവ് 27.78 ശതമാനമാണ്. വിശദവിവരം താഴെചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 30.54 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 29.99 | ” |
| മുനിസിപ്പാലിറ്റി | - | 28.49 | ” |
| കോർപ്പറേഷൻ | - | 25.43 | ” |
| ജില്ലാ പഞ്ചായത്ത് | - | 16.14 | ” |

ഏറ്റവും ഉയർന്ന ചെലവ് തിരുവനന്തപുരം ജില്ലയിലും (30.08 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലും (25.33 ശതമാനം) ആണ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ 5773 എണ്ണം ഇനിയും പാസാകാനുണ്ട്. ഇവയുടെ ആകെ തുക 157.51 കോടി രൂപയാണ്.

നടപടി: തദ്ദേശസ്വയംഭരണം (എഫ്.എം) വകുപ്പ്

**2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

(II) ഖണ്ഡിക നം.2.2.7

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017-ലെ 82/2017/DPO /Kannur നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കണം.

കെ.എസ്.ഇ.ബി.യുമായി ചർച്ച ചെയ്ത് ഉത്തരവിറക്കുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)

## 2.2 03.10.207-ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

(IV) **ഖണ്ഡിക 3.5**

സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാർഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതു സംബന്ധിച്ച ഉത്തരവ്

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

## 2.3 19.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.4**

ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിന് HOMCO-യിലേയ്ക്കും ആയുർവേദ മരുന്നു ലഭിക്കുന്നതിന് ഔഷധിയിലേയ്ക്കും പണമടച്ചാൽ മരുന്നു ലഭിക്കാൻ കാലതാമസമുണ്ടാകുന്നുണ്ട്.

ഇപ്രകാരം കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാതു മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്നു വാങ്ങാവുന്നതാണ് – ഇതു സംബന്ധിച്ച ഉത്തരവ്/സർക്കുലർ

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**ഖണ്ഡിക 3.11**

ലൈഫ് മിഷൻ ഉത്തരവുപ്രകാരം 2016-17-ൽ PMAYയിൽ വീടു വയ്ക്കാൻ ധനസഹായം ലഭിച്ചവരുടെ ഇനിയും പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കാൻ ലൈഫ് മിഷൻ ഉത്തരവ് പ്രകാരം ധനസഹായം ലഭിക്കില്ല. 2016-17 –ൽ (31.03.2016-നും 31.03.2017-നും ഇടയിൽ) PMAYപദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് ഇനിയും വീടുപണി പൂർത്തീകരിക്കാനുണ്ടെങ്കിൽ അവർക്ക് ലൈഫ് മിഷൻ മാനദണ്ഡ പ്രകാരമുള്ള അധിക ധനസഹായം നൽകാവുന്നതാണ് എന്നതു സംബന്ധിച്ച ഉത്തരവ്

(നടപടി:- 1) തദ്ദേശഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ)

**ഖണ്ഡിക 4.37**

**പഞ്ചായത്തു ഡയറക്ടറുടെ 15.09.17 ലെ J-272589/17-ാം നമ്പർ കത്തും കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2017 – ലെ A2-560/14/17-ാം നമ്പർ കത്തും (LSGD-DA3/398/2017-LSGD)**

കല്ലിയൂർ ഗ്രാമപഞ്ചായത്ത് 2016-17 ൽ എൽ.ഇ.ഡി തെരുവുവിളക്കു വാങ്ങൽ എന്ന പ്രോജക്ടിന് (പ്രോ.നം. 8/17) 48.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നു. പ്രവർത്തി ടെണ്ടർ ചെയ്തപ്പോൾ കല്ലൂർ

ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ഏറ്റവും കുറവ് തുക നൽകി. ഇവരുടെ സാമ്പിൾ തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് പരിശോധിച്ച് ടെസ്റ്റ് റിപ്പോർട്ട് നൽകി. എന്നാൽ ടെസ്റ്റ് റിപ്പോർട്ടുമാത്രം പോരെന്നും ബി.ഐ.എസ്. സർട്ടിഫിക്കേഷനും വേണമെന്ന് ഇലക്ട്രിക് ഇൻസ്പെക്ടറേറ്റ് റിപ്പോർട്ട് നൽകി. ടെണ്ടറിൽ പങ്കെടുത്ത കമ്പനിക്കൊന്നും ബി.ഐ.എസ്. സർട്ടിഫിക്കേഷനില്ല. ബി.ഐ.എസ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്താൻ കേരളത്തിൽ സൗകര്യമില്ല. ഇത് ഉറപ്പു വരുത്താൻ ബാംഗ്ലൂർ പ്രവർത്തിക്കുന്ന Central Power Research Institute – ലെ പരിശോധന ആവശ്യമുണ്ട്. ഇവിടെ രണ്ടു സാമ്പിളുകൾ പരിശോധിക്കാൻ ഫീസായി 1,24,000/- രൂപയും യാത്രാചെലവും വരും.

ഈ സാഹചര്യത്തിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ എന്നിവിടങ്ങളിലെ സാങ്കേതിക ഉപദേശം എന്നിവയിന്മേൽ എന്തു തീരുമാനം എടുക്കണമെന്ന് നിർദ്ദേശിക്കുകയോ സെന്ററൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കുന്നതിനായുള്ള ചെലവ് തനതുഫണ്ടിൽ നിന്നു വഹിക്കുന്നതിനായുള്ള സാമ്പത്തികാനുമതി ലഭ്യമാക്കുകയോ അല്ലെങ്കിൽ ടെണ്ടർ ക്യാൻസൽ ചെയ്ത് സ്പിൽഓവർ തുകയിൽ നിന്ന് ചെലവുചെയ്യുന്ന രീതിയിൽ റീടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം-** ഈ ഫയൽ വിശദമായി പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

ടെണ്ടർ നിബന്ധന അനുസരിച്ചുള്ള സ്പെസിഫിക്കേഷനുള്ള എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങണം. ടെണ്ടറിൽ പങ്കെടുക്കുന്ന കമ്പനികൾ തന്നെ അവരുടെ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷനുകൾ ഹാജരാക്കേണ്ടതായിരുന്നു. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ബാംഗ്ലൂർ സെന്റർ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സാമ്പിൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താവുന്നതാണ്. ഇതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്ന് വഹിക്കണം.

ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ടെണ്ടർ നിബന്ധന പാലിച്ചിട്ടില്ലെങ്കിൽ വ്യക്തമായ നിബന്ധനകളുടേയും സർട്ടിഫിക്കറ്റുകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിനു തീരുമാനമെടുക്കാവുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

2.4 **01.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**പൊതുവിഷയങ്ങൾ**

**ഖണ്ഡിക 3.1**

സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീ ചാർജ്ജു ചെയ്യുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. ഇതിന്റെ യൂണിറ്റ് നിരക്ക് നിശ്ചയിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അടുത്ത കോർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകും.

(നടപടി: 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ)

**ഖണ്ഡിക 3.4**

പുതുതായി രൂപീകരിച്ച നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർ ഇല്ലാത്തതിനാൽ എസ്.സി.എസ്.പി. പ്രോജക്ടിന്റെ നിർവഹണം നടത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നതിൽ ആശയക്കുഴപ്പമുണ്ട്.

പുതുതായി പട്ടികജാതി വികസന ഓഫീസറെ നഗരസഭകളിൽ നിയമിക്കുന്നതുവരെ എസ്.സി.എസ്.പി. പ്രോജക്ടുകൾ ഏറ്റവും സമീപത്തുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കേണ്ടതാണ്. ഇതിന് ബിൽ ബുക്കും മറ്റും ലഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതിന് ഫയൽ ധനവകുപ്പിന് നൽകണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

2)ധനകാര്യ വകുപ്പ്

3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**ഖണ്ഡിക 3.9**

തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയിൽ വിവിധ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്യാനുള്ള തുക 31.12.2017-നകം നൽകണം. ഇതു സംബന്ധിച്ച സർക്കുലർ

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

## 3. പൊതു വിഷയങ്ങൾ

**3.1** 2018-19 വാർഷക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ആസൂത്രണ കലണ്ടറും പുതുക്കിയ ആസൂത്രണ മാർഗ്ഗരേഖയും തയ്യാറാക്കാൻ 03.10.2017-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗം എസ്.ആർ.ജി.യെ ചുമതലപ്പെടുത്തിയിരുന്നു. എസ്.ആർ.ജി. തയ്യാറാക്കിയ കരട് കുറിപ്പ് യോഗത്തിൽ ചർച്ച ചെയ്തു. താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിലെ ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും

പുനഃസംഘടിപ്പിക്കേണ്ടതും സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കേണ്ടതുമുണ്ട്. അടുത്ത വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കണം.

(2) 2018-19-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്ന നടപടിക്രമങ്ങൾ നവംബർ 20-നകം ആരംഭിച്ച് വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി 2018 മാർച്ച് 5 നകം പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കാനും അതുവഴി ഏപ്രിൽ 1 മുതൽ നിർവഹണം നടത്താൻ കഴിയുമാറുള്ള പ്രവർത്തന കലണ്ടർ ആണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കിയത്. ഇത് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ആദ്യ ഘട്ടത്തിൽ നടപ്പാക്കേണ്ടതായ കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിഷ്കരിച്ച മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡവും പുറപ്പെടുവിക്കുന്നതാണ്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

3.2 നിർമ്മാണ പ്രവൃത്തികളുടെ വെറ്റിംഗും സാങ്കേതികാനുമതിയും സുതാര്യവും വേഗത്തിലും ആക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിർമ്മാണ പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ചിട്ടുണ്ട്. ഇതുപോലെ ജില്ലാ പഞ്ചായത്തിലും ചില നഗരസഭകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിർവഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ചിട്ടുണ്ട്. ഇവർക്ക് ഡി.ഡി.ഒ കോഡ്/ബിൽ ബുക്ക് അനുവദിക്കുന്നതിന് ഇവരുടെ വിവരങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ധന വകുപ്പിന് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ

3.3 വയനാട് ജില്ലയിൽ കരിങ്കൽ ക്വാറികൾക്ക് നിയന്ത്രണമുള്ളതിനാൽ കരിങ്കല്ലിനു വില കൂടുതലാണ്. അതിനാൽ നിലവിലെ നിരക്ക പ്രകാരം ആരും ടെണ്ടർ എടുക്കുന്നില്ല. വയനാട് ജില്ലയിലേയും വൈപ്പിൻകരയിലേയും പോലുള്ള ഇത്തരം മേഖലകളുടെ പ്രശ്നം പരിഹരിക്കുന്നതിന് വിശദമായ കുറിപ്പ് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകണം. ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ

3.4 ടെണ്ടർ ചെയ്തതും നിർമ്മാണത്തിലിരിക്കുന്നതുമായ പല പ്രോജക്ടുകളുടേയും എസ്റ്റിമേറ്റിൽ ജി.എസ്.ടി നിരക്ക് ചേർത്തിട്ടില്ല. ഇതിന്റെ ബിൽ തുക നൽകുന്നതിന് GST കൂടി ചേർത്ത് എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു

1) സർക്കാർ ഉത്തരവു പ്രകാരം GST കൂടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രോജക്ടുകളിൽ പ്രോജക്ട് പൂർത്തിയാകുമ്പോൾ കരാറുകാർ അടച്ച GST തുകയിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള വിഹിതം ഓരോർത്തർക്കും

തിരികെ നൽകുന്നതിന് എല്ലാ പ്രോജക്ടുകളുടേയും പേരും GST തുകയും ചേർത്ത് ഒറ്റ പ്രോജക്ട് തയ്യാറാക്കുക. കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവു പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്.

**നടപടി:** (തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**3.5** സബ്സിഡി മാർഗരേഖ പ്രകാരം (ഖണ്ഡിക 11.8.2) പ്രൊഫഷണൽ/ബിരുദ കോഴസുകൾ/മറ്റ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാമെന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം കേന്ദ്ര– സംസ്ഥാന പ്രവേശന പരീക്ഷ പാസാകുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകാവുന്നത്. എന്നാൽ പ്രൊഫഷണൽ കോഴ്സ് ഒഴിച്ച് മറ്റ് കോഴ്സുകൾ മിക്കതും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലല്ല. ഈ സാഹചര്യത്തിൽ പലർക്കും മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകാൻ കഴിയുന്നില്ല. പ്രവേശന പരീക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾ ആണെങ്കിൽ അവർക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്.

**നടപടി:** തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**3.6** സബ്സിഡി മാർഗേരേഖയിൽ ഖണ്ഡിക 11.2(ഇ) പ്രകാരം ഖാദി ഗ്രാമ വ്യാവസായ പ്രോത്സാഹനത്തിന്റെ ഭാഗമായി സംയുക്തമായി വിപണനശാലകൾ നിർമ്മിക്കുന്നതിനും ഖാദി ഉൽപാദന യൂണിറ്റുകൾക്ക് തറിയും മറ്റ് നെയ്ത്ത് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തുക വകയിരുത്താൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് ഇതിന് പ്രോജക്ട് നടപ്പാക്കാവുന്നത് എന്നു പറയുന്നില്ല. ഖാദി നൂൽപ്/നെയ്ത്ത് കേന്ദ്രങ്ങളിലേയ്ക്ക് തറിയും നെയ്ത്ത് ഉപകരണങ്ങളും നൽകുന്നതിനും വിപണനശാലകൾ നിർമ്മിക്കുന്നതിനും ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനായി പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**നടപടി:** തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**3.7** സാമൂഹ്യനീതിവകുപ്പ് സംസ്ഥാനത്ത് 69 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഒരെണ്ണത്തിന്റെ യൂണിറ്റ് ചെലവ് 14.50 ലക്ഷം രൂപ. സാമൂഹ്യനീതി വകുപ്പ് ഇതിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ ചെലവിന്റെ 60 ശതമാനം തുക വകുപ്പ് നൽകും. തദ്ദേശഭരണ സ്ഥാപനം 40 ശതമാനം (5.80 ലക്ഷം രൂപ) തുക നൽകണം. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനം തുക വകയിരുത്തിയാൽ മാത്രമേ വകുപ്പ് തുക അനുവദിക്കുകയുള്ളൂ എന്ന് സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ 40 ശതമാനം തുക ഓരോ ജില്ലയിലേയും പി.ഡബ്ല്യൂ.ഡി (കെട്ടിടം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം -** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗമുള്ളതിനാൽ പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടതാണെന്നും, സാമൂഹ്യനീതി വകുപ്പ് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നതാണ് അഭികാമ്യമെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സാമൂഹ്യനീതി ഡയറക്ടറെ ക്ഷണിച്ച് വിഷയം ചർച്ച ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനും തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്

3.8 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.2017-ലെ തീരുമാനപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുക യെ രണ്ടായി തിരിച്ച് 2017-18 വർഷത്തിനു മുമ്പുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി A), 2017-18 ലെ പ്രവൃത്തികൾ (കാറ്റഗറി B) സംബന്ധിച്ച വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറകടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നൽകിയിട്ടുണ്ടെന്ന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറകടർ യോഗത്തിൽ അറിയിച്ചു. ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വകുപ്പുമേധാവികൾ വിലയിരുത്തണം. ലഭിച്ച തുക, ചെലവ്, ഭൗതിക നേട്ടം, ഇനി നടപ്പാക്കാനുള്ള പ്രവൃത്തികൾ, എന്നു പൂർത്തിയാകും എന്നീ വിവരങ്ങൾ ഓരോ ജില്ല തിരിച്ചും പ്രൊഫോർമയിൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തണം.

(നടപടി 1) തദ്ദേശസ്വയംഭരണ.(ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.8** സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡത്തിൽ ''ധനസഹായം നൽകുന്ന വർഷത്തിന് തൊട്ടു മുമ്പുള്ള വർഷമെങ്കിലും സംഘം പ്രവർത്തന ലാഭമുള്ളതായിരിക്കണം'' എന്ന നിബന്ധനയിൽ നിന്ന് പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ഒഴിവാക്കുന്ന കാര്യം മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ പരിഗണിക്കുന്നതാണ്.

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

3.9 കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാവുന്ന വാച്ച് കാഴ്ചശക്തിയില്ലാത്ത വിഭാഗങ്ങൾക്ക് നൽകാവുന്നതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ )വകുപ്പ്

3.10 കെട്ടിട നികുതി കുടിശ്ശിക മുഴുവനും പിരച്ചെടുക്കുന്നതിന്റെ ഭാഗമായി 28.02.2018 വരെ കെട്ടിട നികുതിയുടെ പലിശയും പിഴപലിശയും ഒഴിവാക്കാൻ തീരുമാനിച്ചു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വർഷത്തെ കെട്ടിട നികുതി മുഴുവൻ പിരിച്ചെടുത്തു എന്നുറപ്പ വരുത്തണം.

(നടപടി :തദ്ദേശസ്വയംഭരണ(ആർ.സി )വകുപ്പ്

3.11 പദ്ധതി പുരോഗതിയിൽ ഈ വർഷത്തെ പുതിയ പ്രോജക്ടുകളിന്മേലുള്ള ചെലവും സ്പിൽ ഓവർ പ്രോജക്ടുകളുടെ ചെലവും പ്രത്യേകമായി തദ്ദേശസ്വയംഭരണവകുപ്പ് സൈറ്റിൽ ഇടണം.

(നടപടി :എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.12 ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഫണ്ട് തികയാതെ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തേയ്ക്ക് മാത്രം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 50 ശതമാനം വരെ പരമാവധി തുക മാറ്റി വയ്ക്കാവുന്നതാണ്. എന്നാൽ ഇപ്പോൾ മാറ്റി വച്ചിരിക്കുന്ന വിഹിതം കുറവ് ചെയ്തിട്ട് പകരം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് തുക മാറ്റി വയ്ക്കാവുന്നതല്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അത്യാവശ്യ മെയിന്റനൻസോ, മരുന്നു വാങ്ങൽ, കറണ്ട് ചാർജ്ജ്, അടയ്ക്കൽ തുടങ്ങിയ മുടക്കം കൂടാതെ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് തടസ്സം വരാനോ പാടില്ല.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

3.13 കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.10.2017-ലെ തീരുമാനപ്രകാരം കിണർ റീ ചാർജ്ജിംഗിന് യൂണിറ്റ് ചെലവ് നിശ്ചയിച്ചിരുന്നു. പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് യൂണിറ്റ് ചെലവ് 6348/- രൂപ, ചരിഞ്ഞ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് യൂണിറ്റ് ചെലവ് 7056/- രൂപയുമാണ്. ഇതു കൂടാതെ ഫിൽറ്റർ മീഡിയം കൂടി ഉൾപ്പെടുത്തി അധികമായി 500/- രൂപ കൂടി നൽകാവുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു.

എന്നാൽ MGNREGS-ന്റെ Secure Software-ലെ നിരക്കനുസരിച്ച് പരന്ന മേൽക്കൂരയ്ക്ക് 8,000/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടത്തിന് 8,600/- രൂപയുമാണ്. അതിനാൽ 03.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നിശ്ചയിച്ച നിരക്ക് യഥാക്രമം 8,000/- രൂപയും 8,600/-രൂപയുമാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊതു വിഭാഗത്തിന് 90 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനവും തുക ഈ നിരക്കിൽ പരിമിതപ്പെടുത്തി നൽകാവുന്നതാണ്.

ഇതിന്റെ ഡിസൈനും എസ്റ്റിമേറ്റും പ്രത്യേകമായി തയ്യാറാക്കി സർക്കാർ നൽകുമെന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിരുന്നു. എന്നാൽ ഓരോ ഭവനങ്ങളും വ്യത്യസ്തമായ രീതിയിൽ ആയതിനാൽ ഡിസൈനും എസ്റ്റിമേറ്റും അതാത് ഗുണഭോക്താവിന് നിശ്ചയിക്കാവുന്നതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്

3.14 28.12.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 07.01.2017-ലെ 50/2017/തസ്വഭവ ഉത്തവനുസരിച്ച് ഗ്രോ ബാഗിന് 75 ശതമാനം സബ്സിഡി നൽകാം. പരമാവധി ഒരെണ്ണത്തിന് 60 രൂപ. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ (03.04.2017-ലെ 80/2017/തസ്വഭവ ഉത്തരവ്) ഖണ്ഡിക 8.1 (10) പ്രകാരം 50 ശതമാനം (പരമാവധി 50 രൂപ) മാണ് സബ്സിഡി നിരക്ക്. 07.01.2017-ലെ ഉത്തരവ് പ്രകാരമുള്ള സബ്സിഡി ഗ്രോ ബാഗിന് നൽകാവുന്നതാണ്. ഇതനുസരിച്ച് സബിസിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1(10) തിരുത്തൽ വരുത്താൻ തീരുമാനിച്ചു.

## 4 പ്രത്യേക വിഷയങ്ങൾ

### 4.1 തേവലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.10.2017-ലെ C1 -8650/2017-ാം നമ്പർ കത്തും 23.10.2017-ലെ 1(2) –ാം നമ്പർ ഭരണ സമിതി തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.2017-ലെ യോഗ തീരുമാനവും. (ഖണ്ഡിക 2.12)

പഞ്ചായത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണത്തിന് 33 ഗുണഭോക്താക്കൾക്ക് 2011-12 സാമ്പത്തിക വർഷം 75,000/- രൂപ വീതം നൽകി. 19.01.2017-ലെ 5/2012/തസ്വഭവ (ഡി.ബി) സർക്കാർ ഉത്തരവും 27.02.2012-ലെ 52/2012/തസ്വഭവ (ഡി.ബി.) നമ്പർ ഉത്തരവും പ്രകാരം 01.04.2011 ശേഷം എഗ്രിമെന്റ് വച്ച ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും അധികമായി 2.00 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയും നൽകാൻ അനുമതിയുണ്ട്. 15.09.2011-നു ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011-ന് മുമ്പ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമാണ് നൽകേണ്ടത്.

ഈ ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവനുസരിച്ചു നൽകേണ്ട അധിക തുക 2017-18, 2018-19 വർഷങ്ങളിലായി രണ്ടു ഗഡുക്കളായി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 2011-12-ൽ നടപ്പാക്കിയ പദ്ധതി ആയതിനാൽ മുഴുവൻ തുകയും ഈ വർഷം തന്നെ നൽകണമന്ന നിബന്ധനയോടെ അനുമതി നൽകുന്നു. 27.02.2012-ലെ 52/2012/ തസ്വഭവ (ഡി.ബി) നമ്പർ ഉത്തരവ് പ്രകാരം അധിക തുക ജനറൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നൽകാവുന്നതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

## 4.2 മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2017-ലെ കത്ത്

2017-18-ൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ ആദ്യത്തെ 6 മാസത്തെയ്ക്ക് പ്രവർത്തന ചെലവിനുള്ള പ്രോജക്ടിൽ തൊഴിലാളികൾക്ക് ഓണറേറിയം ഉള്ളതിനാൽ വെറ്റിംഗ് ഓഫീസർ അനുമതി നൽകിയില്ല. പ്രോ.നം. 80/18 അടങ്കൽ 6,61,504/- രൂപ. സംസ്കരണ പ്ലാന്റിന്റെ ആദ്യ ഘട്ടത്തിൽ സഹായം നൽകാനും പിന്നീടുള്ള ആവർത്തന ചെലവ് യൂസർ ഫീയിൽ നിന്ന് വഹിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം - :-** അനുമതി നൽകുന്നു. തുടർന്നുള്ള വർഷങ്ങളിൽ ചെലവ് യൂസർ ഫീയിൽ നിന്നും വഹിക്കേണ്ടതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പ്

## 4.3 തുറവൂർ ഗ്രമപഞ്ചായത്ത് സെക്രട്ടറിയുടെ 24.10.2017-ലെ C2-525/17-ാം നമ്പർ കത്ത്

2016-17-ലെ പഴമ്പള്ളിക്കാവ്SNDP റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന പ്രോജക്ട് (പ്രോ.നം. 37/18 – അടങ്കൽ 23,9004/- ലോക ബാങ്ക് വിഹിതം) 2017-18-ൽ മാറ്റമില്ലാത്ത സ്പിൽഓവറായി തുടരുന്നുണ്ട്. ഇതിന്റെ മേഖലാ കോഡ് 844 (റോഡ് ടാറിംഗ്) ആണ്. പിശകുമൂലം 875 (കെട്ടിടങ്ങൾക്ക് അധിക സൗകര്യം) എന്നാണ് ചേർത്തിരിക്കുന്നത്. പണി പൂർത്തിയായി. കോഡ് തെറ്റായതിനാൽ ബിൽ തുക നൽകാൻ കഴിയുന്നില്ല. തെറ്റായ കോഡ് തിരുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം -** അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം.)

## 4.4 വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.11.2017 A4 -466/17/P3- നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.3)

വാർഷിക പദ്ധതിയിൽ വരിക്കാംകുന്ന് കയർ സഹകരണ സംഘത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് 2,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. (പൊതു വിഭാഗം - പ്രോ.നം. 44/18) മാർഗ്ഗരേഖ പ്രകാരം "ധനസഹായം നൽകുന്ന വർഷത്തിനു തൊട്ടു മുമ്പുള്ള വർഷമെങ്കിലും സംഘം പ്രവർത്തന ലാഭമുള്ളതായിരിക്കണം" എന്നുണ്ട്. ഈ നിബന്ധന ഒഴിവാക്കണമന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ലെ യോഗത്തിൽ ചർച്ച ചെയ്തിരുന്നു വെങ്കിലും അംഗീകരിച്ചില്ല. കയർ സംഘങ്ങൾ മിക്കതും ലാഭത്തിലല്ല

പോകുന്നതെന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് പ്രത്യേക അനുമതി നൽകണമെന്നത് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :- കയർ സഹകരണസംഘമെന്നതിനാൽ പ്രത്യേക അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.5 കറുകച്ചാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2017-ലെ A5-55/17-ാം നമ്പർ കത്ത് ( LSGD – DA1 /813/2017/LSGD)

2017-18 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾ കുറവായതിനാൽ മറ്റു ഡിഗ്രിക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - :- സബ്സിഡി മാർഗരേഖ പ്രകാരം അനുമതിയുണ്ട്. ഇതനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.6 കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 14.09.2017-ലെ കത്ത് (LSGD – DA1/812/2017/LSGD)

കാഴ്ചശേഷിയില്ലാത്ത കുട്ടികൾക്ക് ഉപയോഗിക്കാവുന്ന വാച്ച് നൽകുന്നതിന് മാർഗ്ഗരേഖയിൽ അനുമതി ഇല്ല. ഇത് ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.7 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.06.2017-ലെ കത്ത്

പഞ്ചായത്ത് ഈ വർഷം ശുചിത്വം ശുചിമുറി എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 7000/- രൂപ നൽകാനാണ് ഉദ്ദേശിക്കുന്നത്. കക്കൂസ് അറ്റകുറ്റപ്പണി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** - :- കക്കൂസ് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകേണ്ടതുണ്ടോ എന്നു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. യൂണിറ്റ് ചെലവ് അടക്കമുള്ള വിശദാംശങ്ങൾ നൽകണം. പിന്നീട് പരിഗണിക്കും.

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

## 4.8 പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2017-ലെ – A4-560/17-ാം നമ്പർ കത്ത്

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിന് വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകം അപേക്ഷിക്കണമെന്നാണ് നിബന്ധന. എന്നാൽ താഴെപ്പറയുന്നവർ താമസിച്ചാണ് അപേക്ഷ നൽകിയത്.

1) ശ്രീമതി. തങ്കമ്മ , (മാതാവ്)
ഞാണിയമ്പത്ത് വീട്,
മേഞ്ഞാണ്യം
— അപേക്ഷിച്ചത് - 10 മാസം കഴിഞ്ഞ്

2) ശ്രീ. വാസു, (പിതാവ്)
വേങ്ങേരി വീട്, പേരാമ്പ്ര. P.O.
— രണ്ട് കുട്ടികൾ -
അശ്വതി - അപേക്ഷിച്ചത്-1 വർഷം കഴിഞ്ഞ്
അഞ്ജു അപേക്ഷിച്ചത്– 90 ദിവസം കഴിഞ്ഞ്

ഇവർക്ക് ആനുകൂല്യം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു. പട്ടികജാതി വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണം.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.9 അയ് മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2017-ലെ കത്ത്

കക്കൂസ് അറ്റകുറ്റപ്പണിക്ക് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. വർഷകാലമായതിനാൽ മിക്ക വീടുകളിലും വെള്ളം കയറും. ടൈൽ ഇടുന്നതടക്കം മെയിന്റനൻസ് നടത്താൻ ഉദ്ദേശിക്കുന്നു. മാർഗരേഖയിൽ കക്കൂസ് മെയിന്റനൻസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** :- കക്കൂസ് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകേണ്ടതുണ്ടോ എന്നു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. യൂണിറ്റ് ചെലവ് അടക്കമുള്ള വിശദാംശങ്ങൾ നൽകണം. പിന്നീട് പരിഗണിക്കും.

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ

## 4.10 അയ് മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2017-ലെ കത്ത്

ഈ വർഷം കന്നുകാലി തൊഴുത്ത് മെയിന്റനൻസിനു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** : അനുമതി നിരസിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

### 4.11 അയ് മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2017-ലെ കത്ത്

2017-18 വർഷം ഗ്രാവൽ മണ്ണ് ഉപയോഗിച്ച് റോഡ്/ ബണ്ട് നിർമ്മാണത്തിന് 21 പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ റേറ്റിനേക്കാൾ ഏകദേശം ഇരട്ടിയാണ് മാർക്കറ്റ് റേറ്റ്. അതിനാൽ വർക്കുകൾ ഒന്നും ടെണ്ടർ പോകുന്നില്ല. ഇത് വർദ്ധിപ്പിച്ച് മാർക്കറ്റ് റേറ്റ് ആക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം - :-** പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം തീരുമാനമെടുക്കും

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

### 4.12 പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2017-ലെ A2-180/ 17-ാം നമ്പർ കത്തും 17.08.2017-ലെ 1(9) –ാം നമ്പർ തീരുമാനവും

2016-17 വർഷം പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് വകയിരുത്തിയിരുന്നു. ടെണ്ടർ നടപടി പൂർത്തിയായത് 31.03.2017 –ന് ശേഷമായതിനാൽ ഈ വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നു. എഗ്രിമെന്റ് വച്ച് മൂന്ന് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് (ആരതി എം.പി (ഫാംഡി), വിപിൻ.വി ( ബി.ടെക്), ഷാലറ്റ് എം.എസ് (ബി.ഡി.എസ്) അവസാന വർഷ വിദ്യാർത്ഥികൾ ആയതിനാൽ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം - :-** അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

### 4.13 ശ്രീകണ്ഠപുരം മുനിസിപ്പൽ ചെയർമാന്റെ 05.10.2017-ലെ c1-5944/17-ാം നമ്പർ കത്ത്. (LSGD-DA1/835/2017/LSGD)

നഗരസഭ പാൽ ഉത്പാദകർക്ക് സബ്സിഡി നൽകുന്നതിന് 3,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. നഗരസഭയുടെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവർ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്ഷീര സംഘങ്ങളിലാണ് പാൽ അളക്കുന്നത്. ഇവർക്ക് കൂടി സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം - :-** ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഈ പദ്ധതി നടപ്പാക്കുന്നത് വ്യത്യസ്ഥരായ നിർവഹണ ഉദ്യോഗസ്ഥ രായതിനാൽ ഇരട്ടിപ്പ് ഇല്ലാ എന്ന് ഉറപ്പു വരുത്തണ മെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

### 4.14 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 27.09.2017-ലെ PC2/6744/17-ാം നമ്പർ കത്ത്

പദ്ധതി മാർഗരേഖ പ്രകാരം ഒരു കുടുംബത്തിന് നൽകാവുന്ന വാർഷിക സബ്സിഡി പൊതു വിഭാഗത്തിന് 30,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 50,000/- രൂപയുമാണ്. പട്ടിക വർഗ്ഗ വിഭാഗത്തിന് പരിധിയില്ല. (ഭവന പദ്ധതി

പോലുള്ളവയെ ഒഴിവാക്കിയിട്ടുണ്ട്) ഈ പരിധിയിൽ നിന്ന് ക്ഷീര കർഷകർക്കു നൽകുന്ന ധനസഹായത്തിന്റെ പരിധിയേയും ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം -** :- പുതിയ സബ്സിഡി മാർഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണ്

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.15 കാസറഗോഡ് ജില്ലാ കളക്ടറുടെ 19.09.2017-ലെ 704/17/DPC/DPO/KSD – നമ്പർ കത്ത്

കാസർഗോഡ് ജില്ലയിൽ നടന്ന പദ്ധതി അവലോകനത്തിന്റെ റിപ്പോർട്ട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. അതിൽ ക്രമനം. 7 ആയി അങ്കണവാടി വർക്കർമാർക്കുള്ള അധിക ഓണറേറിയം ഗ്രാമപഞ്ചായത്തുകൾ നൽകണോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** :- സാമൂഹ്യനീതി ഡയറക്ടറുടെ കൂടി അഭിപ്രായ മാരാഞ്ഞ് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്ന താണ്.

(നടപടി :1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്
2) സാമൂഹ്യനീതി ഡയറക്ടർ

## 4.16 വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.10.2017-ലെ DP3-111/17-ാം നമ്പർ കത്ത്

2017-18 വർഷംജില്ലയിൽ പത്താംതരം പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുന്നതിന് ഓൺ ലൈൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഏകജാലക രജിസ്ട്രേഷന് 3.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കി. ഇതിന് സാധൂകരണം സംബന്ധിച്ച്

**തീരുമാനം -** :- സാധൂകരണം നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

## 4.17 വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2017-ലെ DP14/2353/17-ാം നമ്പർ കത്ത്

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേഡിയം നിർമ്മിക്കുന്നതിന് കേണിച്ചിറ യുവ പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബിന്റെ വക 25 സെന്റ് സ്ഥലം ജില്ലാ പഞ്ചായത്തിന് സൗജന്യമായി നൽകാമെന്ന് ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. ഇതിന്റെ

രജിസ്ട്രേഷൻ ചാർജ് 1,60,000/- രൂപയാണ്. ഈ തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം - :-** തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്

## 4.1 8 വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2017-ലെ DP3-111/17-ാം നമ്പർ കത്ത്

മുട്ടിൽ ഗ്രാമപഞ്ചായത്തിലെ പാറയ്ക്കൽ - പരിയാരം റോഡ് പുനഃരുദ്ധാരണത്തിന് 2016-17 വർഷം 15.00 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റും 5.00 ലക്ഷം രൂപ തനത് ഫണ്ടും വകയിരുത്തി ആകെ 20.00 ലക്ഷം രൂപയുടെ പ്രോജക്ട് നടപ്പാക്കി (പ്രോ.നം. 184/17). പ്രോജക്ടിൽ തനത് ഫണ്ടിനു പകരം മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം എന്നാണ് ചേർത്തത്. മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം എന്നതിനു പകരം തനത് ഫണ്ട് എന്നാക്കി ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം - :-** അനുമതി നൽകുന്നു. ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യമായ ക്രമീകരണം ചെയ്യണം.

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം)

## 4.19 തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്തും 15.04.2017-ലെ 1-ാം നമ്പർ ഭരണ സമിതി തീരുമാനവും (LSGD /FM2/228/2017/LSGD)

ഗവൺമെന്റ് കോളേജുകൾ ഇല്ലാത്ത അസംബ്ലി നിയോജക മണ്ഡലങ്ങളിൽ കോളേജ് പണിയുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി അസംബ്ലി നിയോജക മണ്ഡലത്തിൽ കോളേജ് അനുവദിക്കുകയും തഴവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോളേജിനുവേണ്ടി സ്ഥലം വാങ്ങാൻ 05.01.2015-ലെ 81260/എഫ്.എം2/2014/ തസ്വഭവ കത്ത് പ്രകാരം തഴവ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. 5 ഏക്കർ സ്ഥലം കണ്ടെത്തി 1,85,00,000 രൂപ വില നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷം പഞ്ചായത്ത് 1.50 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി , ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, ഓച്ചിറ, തൊഴിയൂർ എന്നീ ഗ്രാമപഞ്ചായത്ത്, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 10.00 ലക്ഷം രൂപ വീതം വകയിരുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ബന്ധപ്പെട്ട തദ്ദേശഭരണ തലവൻമാരുടെ യോഗം ബ്ലോക്ക് തലത്തിൽ ചർച്ച ചെയ്ത് എടുക്കുന്ന തീരുമാന പ്രകാരം തുക വകയിരുത്തുന്നതിന് അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

## 4.20 തിരുവനന്തപുരം കോർപ്പറേഷന്റെ 24.10.2017-ലെ C7/185/17-ാം നമ്പർ കത്ത്

നഗരസഭ ലൈഫ് പദ്ധതി, പൊതു സ്ഥലങ്ങളിൽ ശുചിമുറി നിർമ്മാണം, വികേന്ദ്രീകൃത മാലിന്യ-സംസ്കരണ സംവിധാനം എന്നിവക്ക് സ്ഥലം വാങ്ങുന്നതിന് 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. പൊതു മേഖലാ ബാങ്കുകൾ റിക്കവറി നടപടിയുടെ ഭാഗമായി ലേലത്തിന് വച്ചിട്ടുള്ള ഒട്ടേറെ പ്ലോട്ടുകൾ ഉണ്ട്. ഈ ലേല നടപടികളിൽ ബാങ്ക് വാല്യുവേഷന്റേയും ലേല വ്യവസ്ഥകൾക്കും വിധേയമായി കോർപ്പറേഷനു പങ്കെടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** വകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കണം.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പ്

## 4.21 കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2017-ലെ A2-283/17-ാം നമ്പർ കത്ത്

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും റൂറൽ ഫുട്ബാൾ കോച്ചിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലാണ് സെന്റർ. പരിശീലകർക്കുള്ള പ്രതിമാസ വേതനം സ്പോർട്സ് കൗൺസിൽ നൽകുന്നു. ഫുട്ബോൾ പരിശീലനത്തിനെത്തുന്നവർക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, അനുബന്ധ കായിക ഉപകരണങ്ങൾ, ലഘു ഭക്ഷണം ഇവ പഞ്ചായത്തിൽ നിന്നാണ് നൽകിക്കൊണ്ടിരിക്കുന്നത്. പുതിയ മാർഗ്ഗ രേഖയിൽ ഇത് പറഞ്ഞിട്ടില്ലാത്തതിനാൽ ഇവ നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്

## 4.22 ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ 01.11.2017-ലെ 401/2017/M(EDL) നമ്പർ കത്ത്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 4.1) കൊടകര ഗ്രാമപഞ്ചായത്തിന് ഗവ.എൽ. പി. സ്കൂൾ ബസ്സിന്റെ ഇന്ധന ചെലവിന്റെ പകുതി നൽകാൻ പഞ്ചായത്തിന് പ്രത്യേക അനുമതി നൽകിയിരുന്നു. ഈ തീരുമാനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം -** ധന വകുപ്പിന്റെ കൂടി അനുമതിയോടെ അടുത്ത വർഷത്തേയ്ക്ക് പരിഗണിക്കുന്നതിന് തീരുമാനിച്ചു

(നടപടി :1)തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

**4.23 ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ 01.11.2017-ലെ 400/2017/M(EDL) നമ്പർ കത്ത്**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം -** പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഇതു പരിഗണിക്കുന്നതാണ്.

(നടപടി :1) തദ്ദേശസ്വയംഭരണ(സി.ഡി) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**4.24 പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2017-ലെ A3-724/17-ാം നമ്പർ കത്ത്**

പുതുക്കാട് ഗ്രാമപഞ്ചായത്തിൽ ചെങ്ങാലൂർ ഗവ.എൽ.പി. സ്കൂളില് 2017 ജൂൺ മാസം മുതൽ പ്രീ പ്രൈമറി ക്ലാസ്സുകൾ തുടങ്ങുകയും 70 വിദ്യാർത്ഥികൾ പ്രവേശനം നേടുകയും ചെയ്തിട്ടുണ്ട്. ഇവിടെ രണ്ടു ഡിവിഷനുകളിലായി 2 അദ്ധ്യാപകരേയും 2 ഹെൽപ്പർമാരേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ നിയമനം അംഗീകരിക്കണമെന്നും വേതനം നൽകുന്നതിന് അനുതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം -** അംഗീകരിച്ചില്ല.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.25 ബഹു. കുറ്റ്യാടി എം.എൽ.എ.യുടെ 25.10.2017-ലെ 373/PKL/LSGD/17-ാം നമ്പർ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 23.10.2017-ലെ കത്തും.**

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സർഗ്ഗഭേരി (പ്രോ.നം. 12/18 - അടങ്കൽ 3,00,000/- രൂപ) എന്ന വിദ്യാഭ്യാസ പ്രോജക്ടിന് വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നൽകിയിരുന്നില്ല. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കു സമർപ്പിച്ചു. 03.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതു ചർച്ച ചെയ്തു. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ക്രിയാത്മകതയും സർഗ്ഗശേഷിയും ഉയർത്തുക, കഴിവുള്ള അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും അംഗീകരിക്കുക, ശാസ്ത്ര പാർലമെന്റ് പ്രാദേശിക വിദ്യാകേന്ദ്രം, അദ്ധ്യാപക സംഗമം, പ്രതിഭാ സംഗമം, പ്രശ്നോത്തരികൾ, മൈ ഇംഗ്ലീഷ്, ജ്യോതിശാസ്ത്ര പരിപാടി, സർഗ്ഗ ഭേരി പ്രസിദ്ധീകരണം എന്നിവയാണ് പ്രവർത്തനങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലായെന്നും നൂതന ആശയം ഇല്ലായെന്നുമുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനുമസരിച്ച്

കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയില്ല. (ഖണ്ഡിക 4.25) ഇതു പുനഃ പരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം പ്രോജക്ട് നടപ്പാക്കാവുന്നതല്ല.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

**4.26 ബഹു. വനം -മൃഗ സംരക്ഷണ ക്ഷീര വികസനം വകുപ്പുമന്ത്രിയുടെ 01.11.2017-ലെ 9307/m (FAD &Z)2017-ാം നമ്പർ കത്ത്**

(1) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം സഹായം നൽകുന്നതിനുള്ള വരുമാന പരിധി മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗത്തിന് 1.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 2.00 ലക്ഷം രൂപയുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധിയില്ല. എല്ലാ വിഭാഗത്തിനും വരുമാന പരിധി എടുത്തുകളയണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം -** 2018-19-ലെ പുതിയ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണ്

നടപടി :1)തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

(2) പാലിന് സബ്സിഡി നൽകുന്നതിനുള്ള വരുമാന പരിധിയും മുകളിൽ പറഞ്ഞ പ്രകാരമാണ്. പാലിന് സബ്സിഡി നൽകാനും വരുമാന പരിധി എടുത്തു കളയണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം -** 2018-19-ലെ പുതിയ മാർഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണ്.

(നടപടി :1)തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**4.27 ബഹു. കോഴിക്കോട് സൗത്ത് എം.എൽ.എ യുടെ 24.10.2017-ലെ കത്തും SIDCO IT മിഷൻ മാനേജരുടെ കുറിപ്പും**

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡിജിറ്റൽ ലൈബ്രറി തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി :1)തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്

**4.28 ശ്രീമതി പ്രിയ.സി. , കുന്നേൽ വില്ലുന്നിയുടെ കത്തും കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ- കം മെസഞ്ചേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറിയുടെ കത്തും.**

ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഡേറ്റാഎൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം 01.10.2014- മുതൽ 400/- രൂപയും 01.04.2016 മുതൽ 675/- രൂപയും 01.04.2017 മുതൽ 710/- രൂപയുമായി വർദ്ധിപ്പിച്ചിരുന്നു. (28.10.2014-ലെ 466/14/ഫിൻ, 26.02.2016-ല 28/2016/ഫിൻ, 28.04.2017-ലെ 56/2017/ഫിൻ എന്നീ ഉത്തരവുകൾ) ഈ ഉത്തരവു പ്രകാരം വർദ്ധിപ്പിച്ച ദിവസവേതനം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നൽകി. ഈ ഉത്തരവ് കിയോസ്കിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ബാധകമല്ല എന്ന കാരണത്താൽ അധികമായി കൈപ്പറ്റിയ 3,82,625/- രൂപ തിരികെ നൽകാൻ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. ഇതൊഴിവാക്കി നൽകണമെന്നും ഉത്തരവിലെ അപാകത പരിഹരിക്കണമന്നതു സംബന്ധിച്ചും

**തീരുമാനം -** ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ ഉത്തരവിൽ അപാകതയുണ്ട് എന്ന് യോഗം വിലയിരുത്തി. അടിയന്തിരമായി ഇത് പരിഹരിക്കാൻ തീരുമാനിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഇ.പി.എ )വകുപ്പ്

**4.29 തൃശ്ശൂർ ജില്ലാ ഖാദി പ്രോജക്ട് ഓഫീസറുടെ 24.10.2017-ലെ 866/17-ാം നമ്പർ കത്ത് (തൃശ്ശൂർ ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച്)**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഖാദി മേഖലയിൽ 56,90,000 രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഈ പ്രോജക്ടിൽ ചർക്ക, തറികൾ തുടങ്ങിയ വാങ്ങാനും ഘടകങ്ങൾ ഉണ്ട്. അഞ്ചു ലക്ഷത്തിൽ കൂടുതൽ വില വരുന്ന ഇവ വാങ്ങാൻ ഇ-ടെണ്ടറിംഗ് നടത്തുമ്പോൾ ഖാദി കമ്മീഷൻ അംഗീകരിച്ച ഖാദി സ്ഥാപനങ്ങൾ പങ്കെടുക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് ഇ-ടെണ്ടറിംഗ് ഒഴിവാക്കി ക്വട്ടേഷൻ അടിസ്ഥാനത്തിൽ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇ-ടെണ്ടറിലൂടെയോ, ഖാദി കമ്മീഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസിയിൽ നിന്നോ വാങ്ങാൻ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

**4.30 പുനലൂർ നഗരസഭാ ചെയർമാന്റെ 30.10.2017-ലെ കത്ത്**

പുനലൂർ നഗരസഭാ ബസ് സ്റ്റാന്റ് നിർമ്മാണത്തിനു വേണ്ടി 12.14ആർ സ്ഥലം പൊന്നും വിലയ്ക്ക് എടുത്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പിന്നീട്

ഈ സ്ഥലത്തിന് അധികമായി 12,05,270/- രൂപ വില കൂടി അധികമായി നിശ്ചയിച്ചു. ഈ തുക നൽകാൻ ബഹു.ഹൈക്കോടതിയും ഉത്തരവ് നൽകിയിട്ടുണ്ട്. തനത് ഫണ്ട് കുറവായതിനാൽ ഈ തുക പ്ലാൻ ഫണ്ടിൽ നിന്നും സ്ഥലം ഉടമയക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** തനത് ഫണ്ട് ഉപയോഗിച്ച് തുക നൽകാൻ അനുമതി നൽകുന്നു. നഗരസഭയ്ക്ക് തനത് ഫണ്ട് ലഭ്യമല്ല എന്ന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ പശ്ചാത്തല മേഖലയിൽ നിന്ന് പ്ലാൻ ഫണ്ട് നൽകുന്നതിന് അനുമതി നൽകുന്നു. പ്ലാൻ ഫണ്ടാണ് നൽകുന്നതെങ്കിൽ ധന വകുപ്പിന്റെ അനുമതി കൂടി നേടണം.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.31 തിടനാട് ഗ്രാമപഞ്ചാത്ത് പ്രസിഡന്റിന്റെ 21.10.2017-ലെ A1-2973/17-ാം നമ്പർ കത്തും 09.10.2017-ലെ 1(1) –ാം നമ്പർ ഭരണ സമിതി തീരുമാനവും**

താഴെപ്പറയുന്ന 2 പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രോ.നം. 40/18 ആട്ട വളർത്തൽ - 21,80,000/- രൂപ

പ്രോ.നം.41/18 പോത്ത് കിടാവ് വളർത്തൽ - 16,00,000/- രൂപ

പൊതു വിഭാഗത്തിലെ ഈ പ്രോജക്ടുകളിൽ അടങ്കലിന്റെ 50 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.32 വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.09.2017-ലെ കത്ത്**

നികുതി കുടിശ്ശികയുള്ള നികുതിദായകരുടെ കെട്ടിട നികുതി പിരിഞ്ഞു കിട്ടാത്തതിനാൽ കെട്ടിട നികുതി 100 ശതമാനം പിരിച്ചെടുക്കാൻ കഴിയുന്നില്ല. പലിശയും പിഴപ്പലിശയും ഒഴിവാക്കിയാൽ മുഴുവൻ നികുതി കുടിശ്ശികയും പിരിച്ചെടുക്കാൻ കഴിയും എന്നതിനാൽ 15.11.2017 മുതൽ 2 മാസത്തേയ്ക്ക് പലിശയും പിഴപ്പലിശ ഒഴിവാക്കി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** 28.02.2018 വരെ കെട്ടിട നികുതിയുടെ പിഴപ്പലിശ ഒഴിവാക്കാൻ തീരുമാനിച്ചു. മുഴുവൻ കുടിശ്ശികയും പരിച്ചെടുക്കുന്നുവെന്ന് ഉറപ്പാക്കണം. (പൊതു തീരുമാനം ഖണ്ഡിക 3.10 ബാധകമാണ്)

(നടപടി :തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

**4.33 കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 27.10.2017-ലെ D1-155/16-ാം നമ്പർ കത്തും 28.09.2017-ലെ 1(6) –ാം നമ്പർ ഭരണ സമിതി തീരുമാനവും**

കടുത്തുരുത്തിയിൽ വലിയ തോടും ചുള്ളിതോടും മാലിന്യ മുക്തമാക്കൽ എന്ന പ്രോജക്ടിന് 30,00,000/- രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കണം. MGNREGS ഘടകം കൂടി ഉൾപ്പെടുത്തി വേണം പ്രോജക്ട് നടപ്പാക്കേണ്ടത്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

**4.34 നീലം പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2017-ലെ A7-8361/16-ാം നമ്പർ കത്ത്**

കഴിഞ്ഞ വേനൽകാലത്ത് റവന്യൂ വകുപ്പ് മുഖേന പ്രതിദിനം 5000 ലിറ്റർ വീതം കുടിവെള്ളം വിതരണം ചെയ്തിരുന്നു. ഇതു തികയാതെ വന്നപ്പോൾ 12.04.2017-മുതൽ 24.05.2017 വരെ പഞ്ചായത്ത് നേരിട്ട് കുടിവെള്ളം വിതരണം ചെയ്തു. എന്നാൽ ക്വട്ടേഷൻ നടപടി സ്വീകരിക്കാതെയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്. ഏജൻസിക്ക് 2,59,116/- രൂപ നൽകാനുണ്ട്. ഈ തുക നൽകാൻ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 181/2017-18) ക്വട്ടേഷൻ നടപടി കൂടാതെ ചെയ്ത പ്രവൃത്തിക്ക് സാധൂകരണവും പ്ലാൻ ഫണ്ടിൽ നിന്ന് തുക നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇത് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി :തദ്ദേശസ്വയംഭരണ(എഫ്.എം )വകുപ്പ്

**4.35 കൊല്ലം കോർപ്പറേഷൻ മേയറുടെ 25.10.2017-ലെ C1-72/2017 –ാം നമ്പർ കത്ത്**

ജനകീയാസൂത്രണ മാർഗ്ഗരേഖ പ്രകാരം കോർപ്പറേഷനിൽ ഗ്രോബാഗിന്റെ ഒരു യൂണിറ്റിന് (25 എണ്ണം) 1000/- രൂപ സബ്സിഡിയും 1000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിച്ചിരിക്കുന്നു. കൃഷി വകുപ്പ് മുഖേന സബ്സിഡി 1500/- രൂപയും ഗുണഭോക്തൃ വിഹിതം 500 രൂപയുമാണ്. ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള സബ്സിഡി, വകുപ്പിന്റെ സബ്സിഡിയുമായി ഏകീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** 28.12.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 07.01.2017-ലെ 50/2017/ തസ്വഭവ ഉത്തരവനുസരിച്ച് ഗ്രോ ബാഗിന് 75 ശതമാനം സബ്സിഡി നൽകാം. പരമാവധി

ഒരെണ്ണത്തിന് 60 രൂപ. ഈ നിരക്കനുസരിച്ച് യൂണിറ്റായാണ് നൽകുന്നതെങ്കിൽ (25 എണ്ണം) പരമാവധി 1500/- രൂപ നൽകാം. എന്നാൽ ഇത് ആകെ ചെലവിന്റെ 75 ശതമാനം മാത്രമായിരിക്കണം.) 07.01.2017-ലെ ഉത്തരവ് പ്രകാരം സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1(10) തിരുത്തൽ വരുത്താൻ തീരുമാനിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.36 വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2017-ലെ B4-5955/17-ാം നമ്പർ കത്ത്.**

ഭാരത് പെട്രോളിയം കോർപ്പറേഷന്റെ CSR ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് പ്രദേശത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ കറണ്ട് ചാർജ്ജും വാറണ്ടി കാലാവധിയായ 2 വർഷത്തിനുശേഷം മെയിന്റനൻസ് ചെലവും തനത് ഫണ്ടിൽ നിന്നും നൽകാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം സംബന്ധിച്ച്

**തീരുമാനം -** രണ്ടു വർഷത്തിനുശേഷം മെയിന്റനൻസ് ചാർജ്ജും കറണ്ട് ചാർജ്ജും തനത് ഫണ്ട് ഉപയോഗിച്ച് നൽകാവുന്നതാണ്. എന്നാൽ LED ലൈറ്റുകൾ സ്ഥാപിക്കണം എന്ന നിബന്ധന പാലിക്കണം

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.37 വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2017-ലെ B4-7903/17-ാം നമ്പർ കത്ത്**

ആശ്രയ ഭവന നിർമ്മാണത്തിന് 3,50,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (55/18). ഭവന നിർമ്മാണം ലൈഫ് മിഷനിൽ ഉൾപ്പെടുത്തി മാത്രമേ നടപ്പാക്കാവൂ എന്നറിയിച്ചുകൊണ്ട് ആശ്രയ ഭവനം എന്ന പ്രോജക്ട് നടപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. ഇത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** ആശ്രയ ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.38 വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2017-ലെ DP3/111/17-ാം നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ നൂതന പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1) പ്രധാനപ്പെട്ട ഇടങ്ങളിൽ CC TV സ്ഥാപിക്കൽ. അടങ്കൽ 10,00,000/- രൂപ(സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുന്നതിന്)
2) ജില്ലാ കവാടങ്ങളിൽ CC TV സ്ഥാപിക്കൽ അടങ്കൽ 10,00,000/- രൂപ

(ജില്ലയ്ക്ക് പുറത്ത് നിന്ന് മാലിന്യങ്ങൾ കൊണ്ടുവന്ന് തള്ളുന്നത് തടയാൻ)

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.39 ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2017-ലെ A1-100/17-ാം നമ്പർ കത്ത്**

2015-16 വർഷം മാവും തട്ട് കമ്മ്യൂണിറ്റി ഹാൾ വയറിംഗിന് (TSP) പ്രോജക്ട് തയ്യാറാക്കി 2016-17-ൽ പൂർത്തീകരിച്ചു. ബിൽ തുക 95,536/- രൂപ. 2016-17-ൽ റ്റി.എസ്.പി. വിഹിതമായി 40,000/ രൂപ മാത്രമേ ലഭിച്ചുള്ളൂ. ഈ തുക മറ്റ പ്രോജക്ടിന് ചെലവഴിച്ചു. അതിനാൽ തുക തികഞ്ഞില്ല. ഈ വർഷം റ്റി.എസ്.പി. വിഹിതം 46,000/- രൂപയാണ്. ഈ തുക തികയില്ല. അതിനാൽ ക്യാരി ഓവർ വിഹിതമായി 95,536/- രൂപ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം -** തനത് ഫണ്ട് വകയിരുത്തി തുക നൽകാൻ അനുമതി നൽകുന്നു.
അതിനായി പ്രോജക്ട് ഭേദഗതി ചെയ്യാൻ വേണ്ട ക്രമീകരണം സോഫ്റ്റ് വെയറിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. വരുത്തണം

(നടപടി :1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**4.40 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.11.2017-ലെ A4-3904/17-ാം നമ്പർ കത്തും 23.10.2017-ലെ 1(3)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് കൃഷി ആവശ്യത്തിന് 1999-2000 വർഷം 1.58 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. ഈ സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് വിട്ടുനൽകാൻ 09.06.2017-ലെ 1911/2017/തസ്വഭവ നമ്പറായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിനും പൊതു വിഭാഗത്തിനും ഭവന നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അപ്പാർട്ട്മെന്റ് സമുച്ചയം നിർമ്മിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.41 കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.2017-ലെ A1/17-ാം നമ്പർ കത്ത്**

പുതിയ കക്കൂസ് നിർമ്മിക്കുന്നതിന് പൊതു വിഭാഗത്തിന് 6,93,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 4,62,000/- രൂപയും ഉൾപ്പെടുത്തി പ്രോജക്ടിന് ജില്ലാ

ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 15,400/- രൂപയാണ് യൂണിറ്റ് നിരക്ക്. ഒ.ഡി.എഫ്. പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടതിനാൽ ഈ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയിട്ടില്ല. ഈ പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** കക്കൂസ് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കും.

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

**4.42 മീനച്ചിലാർ- മീനന്തറയാർ - കൊടൂരാർ പുനർ സംയോജന പദ്ധതി കോഓർഡിനേറ്റർ അഡ്വ. കെ.അനിൽ കുമാറിന്റെ കത്ത്**

ഫ്ലാറ്റുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ, വീടുകൾ എന്നിവയുടെ മാലിന്യ കുഴലുകൾ മീനച്ചിലാർ, മീനന്തലയാർ, കൊടുരാർ എന്നീ നദികളിലേയ്ക്കും തോടുകളിലേയ്ക്കും മറ്റ് നെൽപാടങ്ങളിലേയ്ക്കും സ്ഥാപിച്ചിട്ടുണ്ട്. ഇതു കണ്ടെത്താൻ വിപുലമായ സർവേ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ജില്ലാ ശുചിത്വ മിഷൻ ഇത് പരിശോധിച്ച് സർവേയ്ക്ക് വിധേയമാക്കേണ്ട പ്രദേശം, ഏതൊക്കെ പഞ്ചായത്തുകൾ എന്നീ വിവരങ്ങൾ, ഫോട്ടോ തുടങ്ങിയവ ശുചിത്വ മിഷൻ ഡയറക്ടർ മുഖേന നൽകണം അടത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും

(നടപടി :1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

**4.43 കോട്ടയം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 09.11.2017-ലെ B1863/2017-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2017-ലെ B4-328/17-ാം നമ്പർ കത്തും**

2016-17-ൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

പ്രോ.നം. 770/17 – ക്ഷീര വർദ്ധിനി (വനിത) അടങ്കൽ 1,77,50,000/- രൂപ

പ്രോ.നം. 1002/17 – ക്ഷീര വർദ്ധിനി (ജനറൽ) അടങ്കൽ 1,64,00,000/- രൂപ

ആകെ 3,41,50,000/- രൂപ

===========

ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതായിരുന്നു പ്രവർത്തനം. ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിക്ക് നൽകുകയും 12.01.2017-ൽ ഓൺലൈനായി അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകി.

അപ്പലേറ്റ് കമ്മിറ്റി ഓൺലൈനായി അംഗീകരിച്ചതനുസരിച്ച് പദ്ധതി നടപ്പാക്കി. സർക്കാർ ഉത്തരവില്ലാത്തതിനാൽ 3,41,50,000/-രൂപയുടെ ചെലവിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. ഈ ചെലവിന് സാധൂകരണം നൽകണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം -** ഈ പ്രോജക്ട് പ്രകാരം തുക ബന്ധപ്പെട്ട ക്ഷീര സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്നു ക്ഷീര സംഘങ്ങൾ മുഖേന ഇത് റിവോൾവിംഗ് ഫണ്ടായി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ടോ എന്നും പെർഫോർമൻസ് ഓഡിറ്റ് പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിനുശേഷം പിന്നീട് പരിഗണിക്കും

**4.44 ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 09.11.2017-ലെ കത്തും കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 08.11.2017-ലെ PO/13189/14-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.10.2017 (ഖണ്ഡിക.3.10), 01.11.2017-ലെ ഖണ്ഡിക 4.1) എന്നീ തീയതികളിലെ യോഗ നടപടിയും**

ഹഡ്കോയിൽ നിന്നും 3.20 കോടി രൂപ വായ്പയെടുത്ത് ഭവനശ്രീ എന്ന ഭവന പദ്ധതിക്ക് സർക്കാർ 02.10.2016-ന് അനുമതി നൽകിയിരുന്നു. 16.03.2017-ലെ 56/2017/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാത്തരം വീടുകൾക്കും വീടിന് തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിൽ നിന്നും 25 ശതമാനം അധികരിച്ചാലും 31.03.2016 വരെ എഗ്രിമെന്റ് വച്ചവർക്ക് ശേഷിക്കുന്ന മുഴുവൻ തുകയും നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ നഗരസഭയുടെ ഭവനശ്രീ പദ്ധതി ആരംഭിച്ചത് 02.10.2016നു ശേഷമായതിനാൽ 31.03.2016 എന്ന കാലാവധി 31.12.2017 വരെയായി ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.10.2017, 01.11.2017 തീയതികളിലെ യോഗങ്ങളിൽ നിരസിച്ചിരുന്നു.

ഇതു പുനഃപരിശോധിക്കണമെന്നും ഇന്നുവരെ (08.11.2017) എഗ്രിമെന്റ് വച്ച മുഴുവൻ ഗുണഭോക്താക്കൾക്കും തറവിസ്തീർണ്ണം 25 ശതമാനം വർദ്ധനവ് വരുത്തുന്നതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം-** വീട് പൂർത്തീയായതിനുശേഷം മാത്രം ധനസഹായം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**4.45 പുനലൂർ നഗരസഭാ ചെയർമാന്റെ 09.11.2017-ലെ കത്ത്**

നഗരസഭയിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത 342 ഭവനങ്ങൾക്ക് ധനസഹായം നൽകേണ്ടതുണ്ട്. മാർഗ്ഗരേഖ പ്രകാരം വിവിധ വകയിരുത്തലുകൾക്ക് ശേഷം വികസന ഫണ്ട് കുറവായതിനാൽ വീട് പൂർത്തീകരണത്തിന് താഴെപ്പറയുന്ന രീതിയിൽ ഫണ്ട് കണ്ടെത്താൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

I) വാർഷിക പദ്ധതിയിൽ നിർവഹണം സാദ്ധ്യമല്ലാത്ത പ്രോജക്ടുകളിൽ നിന്നും മേഖലാ വിഭജനം കണക്കാക്കാതെ ഭവന നിർമ്മാണ പൂർത്തീകരണത്തിന് തുക വകയിരുത്താൻ അനുവദിക്കണം

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി ) വകുപ്പ്

II) വനിതകൾ അപേക്ഷകരായുള്ള ഭവന നിർമ്മാണങ്ങൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുവദിക്കണം

**തീരുമാനം-** ലൈഫ് പദ്ധതിയായതിനാലും വികസന ഫണ്ട് കുറവായതിനാലും വനിതകളുടെ ഉടസ്ഥത യിലുള്ള വീടുകളാണെങ്കിൽ വനിതാ ഘടക പദ്ധതിയിൽ നിന്ന് പരമാവധി 50 ശതമാനം തുക ഈ വർഷത്തേയ്ക്ക് മാത്രം വകയിരുത്താൻ പ്രത്യേക അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി ) വകുപ്പ്

**4.46 തിരുവനന്തപുരം റൂറൽ പോലീസ് മോധാവിയുടെ 10.11.2017-ലെ G2(A) 55965/2017/T നമ്പർ കത്ത് ( ജില്ലാ കളക്ടർക്ക നൽകിയത്)**

CC TV ക്യാമറകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങൾ ഗണ്യമായ രീതിയിൽ കുറഞ്ഞിട്ടുണ്ടെന്നും CC TV ക്യാമറകൾ കുറ്റവാളിയെ കണ്ടു പിടിക്കാൻ സഹായിച്ചിട്ട ണ്ടെന്നും റൂറൽ എസ്.പി. അറിയിച്ചിരിക്കുന്നു. എന്നാൽ ഗ്രാമീണ മേഖലകളിൽ CC TV ക്യാമറകൾ സ്ഥാപിക്കുന്നതിന് വകുപ്പിന് ഫണ്ട് തികയില്ല. ഈ സാഹചര്യത്തിൽ CC TV ക്യാമറകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കണമെന്നാവശ്യം സംബന്ധിച്ച്. ഇതിനായി ആകെ 659 ക്യാമറകൾ സ്ഥാപിക്കേണ്ടതു ണ്ടെന്നും ഏകദേശം 1,64,75,000/ രൂപ ചെലവു വരുമെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം -** CC TV ക്യാമറകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്ന മുറയ്ക്ക് പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.47 ബഹു. മങ്കട എം.എൽ.എ യുടെ 17.10.2017-ലെ 190/mankada/2016-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.10.2017-ലെ കത്തും.**

**കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ലെ യോഗ നടപടി വിവരവും (ഖണ്ഡിക 4.7)**

വള്ളിക്കാപ്പറ്റിയിൽ പ്രവർത്തിക്കുന്ന കേരള അന്ധ വിദ്യാലയം എന്ന എയ്ഡഡ് സ്കൂളിന് കെട്ടിടം പണിയുന്നതിന് ജില്ലാ പഞ്ചായത്ത് 2017-18-ൽ 40,94,109/- രൂപ (പ്രോ.നം. 1599/18) വകയിരുത്തിയ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിരുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 01.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യിൽ അനുമതി നിരസിച്ചിരുന്നു.

എയ്ഡഡ് സ്കൂളിന്റെ ഗണത്തിൽ വരും എങ്കിലും ഇത് അന്ധ വിദ്യാലയമായതിനാൽ പ്രത്യേക പരിഗണ നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ഈ നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ചായതിനാൽ ഈ കെട്ടിടം കൈമാറ്റം ചെയ്യപ്പെടാവുന്നതല്ല.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.ബി )വകുപ്പ്

യോഗം വൈകിട്ട് 4.00 മണിക്ക് അവസാനിച്ചു.

******